(ബി) ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ജില്ല തിരിച്ചുള്ള ഒഴിവുകൾ വ്യക്തമാക്കുമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി. ലിസ്റ്റ് നിലവിൽ ഇല്ല. ഹെൽത്ത് ഇൻസ്പെക്ടറുടെ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരെ മാത്രമേ നേരിട്ട് നിയമനം നടത്തിയിട്ടുള്ളൂ. അല്ലാതെയുള്ളത് പ്രമോഷൻ മുഖേനയാണ് നികത്തുന്നത്.

(ബി) ഒട്ടുമിക്ക ഒഴിവുകളും പ്രമോഷൻ മുഖേന നികത്തി കഴിഞ്ഞു. ജില്ല തിരിച്ചുള്ള ഒഴിവുകളുടെ കൃത്യമായ കണക്കുകൾ ഉടൻ ലഭ്യമല്ല.

(സി) സ്വീകരിക്കുന്നതാണ്.

186 (2502) പബ്ലിക് അനലിസ്റ്റ് തസ്തികകളിലെ നിയമനം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായംചേർക്കൽ നിരോധന നിയമപ്രകാരം ഫുഡ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന ഭക്ഷണസാധനങ്ങളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിന് കേരളത്തിൽ എത്ര ലബോറട്ടറികൾ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ ലാബോറട്ടറികളിലും ഭക്ഷണ സാമ്പിളുകൾ സ്വീകരിക്കുന്നതിനും പരിശോധനകൾക്ക് മേൽനോട്ടം വഹിക്കുന്നതിനും എത്ര പബ്ലിക് അനലിസ്റ്റ് തസ്തികകൾ വീതം ഉണ്ട്;

(സി) ഇവയിൽ ഒഴിഞ്ഞുകിടക്കുന്നത് എത്രയെണ്ണം; ഇവ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു എന്നറിയിക്കുമോ; ഇവ നികത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് മായംചേർക്കൽ നിരോധന നിയമം നടപ്പിലാക്കുന്നതിന് പല തടസ്സങ്ങളും സൃഷ്ടിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പി.എഫ്.എ. നിയമം അനുശാസിക്കുന്ന തരത്തിൽ ഭക്ഷണ സാമ്പിളുകൾ സ്വീകരിക്കുന്നതിനും പരിശോധനയ്ക്ക് മേൽനോട്ടം വഹിക്കുന്നതിനും പരിശോധന ഫലം റിപ്പോർട്ട് ചെയ്യുന്നതിനും അവശ്യംവേണ്ട പബ്ലിക് അനലിസ്റ്റുകൾ ഇല്ലാതെ എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലാബോറട്ടറി എത്ര ദിവസം പ്രവർത്തിച്ചു;

(എഫ്) ഈ അവസരത്തിൽ അവിടെ എത്ര ഭക്ഷണ സാമ്പിളുകൾ പരിശോധനയ്ക്ക് സ്വീകരിച്ചു; എത്ര സാമ്പിളുകൾ മായം കലർന്നതായി കണ്ടെത്തി;

(ജി) മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ പബ്ലിക് അനലിസ്റ്റുകളുടെ അഭാവത്തിൽ നടത്തിയ പ്രസ്തുത പരിശോധനയ്ക്ക് നിയമസാധുതയുണ്ടോ; കോടതിയിൽ കേസ്സ് നിലനിൽക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഈ വീഴ്ച കാരണം കുറ്റവാളികൾ പലരും ശിക്ഷിക്കപ്പെടാതെ പോകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) പകർച്ചവ്യാധികൾ പടർന്ന് പിടിച്ചപ്പോൾ വെള്ളം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഈ ലാബോറട്ടറികളിലെ ഉദ്യോഗസ്ഥരുടെ കുറവു മൂലം കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) ഒരു മാസത്തിനുള്ളിൽ ഡി.പി.സി. കൂട്ടി പബ്ലിക് അനലിസ്റ്റു കളെ നിയമിക്കണമെന്ന് കോടതിയുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിൽ നാല് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

1. ഗവണ്മെന്റ് അനലിസ്റ്റ് ലാബറട്ടറി, തിരുവനന്തപുരം.
2. റീജിയണൽ അനലിറ്റിക്കൽ ലാബറട്ടറി, എറണാകുളം.
3. റീജിയണൽ അനലിറ്റിക്കൽ ലാബറട്ടറി, കോഴിക്കോട്.
4. ഡിസ്ട്രിക്ട് അനലിറ്റിക്കൽ ലാബറട്ടറി, പത്തനംതിട്ട.

(ബി)	തിരുവനന്തപുരം	-	5
	എറണാകുളം	-	3
	കോഴിക്കോട്	-	3
	ആകെ	-	11

(സി) ഇവയിൽ 5 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. തിരുവനന്തപു രത്ത് ഇപ്പോൾ ഉള്ള രണ്ട് ഗവണ്മെന്റ് അനലിസ്റ്റിന്റെ തസ്തികകൾ യഥാക്രമം 30.6.99, 31.8.99 എന്നീ തീയതികൾ മുതൽ ഒഴിഞ്ഞു കിടക്കുന്നു. കോഴിക്കോട് ഉള്ള ഗവണ്മെന്റ് അനലിസ്റ്റിന്റെ ഒരു തസ്തിക 29.2.2000 മുതൽ ഒഴിഞ്ഞു കിട ക്കുന്നു. എറണാകുളത്തും കോഴിക്കോട്ടും ഓരോ ഗവണ്മെന്റ് അനലിസ്റ്റിന്റെ ഒഴിവ് യഥാക്രമം 2.3.2000, 26.8.99 എന്നീ തീയതി മുതൽ നിലവിലുണ്ട്. മേൽ സൂചിപ്പിച്ച ഒഴിവുകളിലേക്ക് ഡി.പി.സി. കൂടി സ്ഥിരനിയമനം നടത്തുന്നതി നുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഡി) ഉണ്ട്.

(ഇ) അവിടെയുണ്ടായിരുന്ന ഒരു പബ്ലിക് അനലിസ്റ്റ് 10 ദിവസം (6.12.99 മുതൽ 15.12.99 വരെ) അവധിയിലായിരുന്നതിനാൽ ആ ദിവസങ്ങളിൽ പബ്ലിക് അനലിസ്റ്റില്ലാതെ ലാബറട്ടറി പ്രവർത്തിക്കേണ്ടി വന്നു.

(എഫ്) 145 സാമ്പിളുകൾ പരിശോധിച്ചു. ഒന്നിലും മായം കലർന്ന തായി കണ്ടെത്തിയിട്ടില്ല.

(ജി)&(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) ഇല്ല.

(ജെ) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly